I ഇ.ബി. XV- കേരള നിയമസഭ/XI-5

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂൺ 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18(*121) ജൈവ കാർഷിക മിഷൻ

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ മാർഗ്ഗത്തിലൂടെ ഉൽപ്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്നതിനും വിപണി ഇടപെടലുകൾ നടത്തി കർഷകർക്ക് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാനത്ത് ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജൈവ ഉല്പന്നങ്ങളുടെ

ഗുണങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ പോഷക സമൃദ്ധി മിഷനുമായി ഏകോപിപ്പിക്കുക, മൂല്യവർദ്ധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുമായും ചേർന്ന് പദ്ധതികൾ നടപ്പിലാക്കുക, വിവിധ തലത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പ്, ഏകോപനം, ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനങ്ങൾ തയ്യാറാക്കൽ, ജൈവ സർട്ടിഫിക്കേഷൻ ലഭ്യമാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ടി മിഷനിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി നിർവ്വഹണ മോണിറ്ററിംഗ് സംവിധാനങ്ങൾ തയ്യാറാക്കുകയും വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി ഗവേണിംഗ് കൗൺസിൽ, സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കിവരികയാണ്. മിഷന്റെ ജില്ലാ/സംസ്ഥാന തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൃഷി വകുപ്പിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുകൂടാതെ കാർഷിക

അനുബന്ധ മേഖലകളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ് (NIPHM), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (IISR) എന്നീ സ്ഥാപനങ്ങളുമായി സാങ്കേതികവിദ്യ കൈമാറ്റത്തിനും ജീവാണുവളങ്ങളുടെ ഇനോകുലം ലഭ്യമാക്കുന്നതിനുമായി കരാറിൽ ഏർപ്പെടുകയും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജൈവ വളങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും ഉറപ്പാക്കുന്നതിനുമായി പട്ടാമ്പി, വെള്ളായണി എന്നിവിടങ്ങളിൽ ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലുവയിൽ പ്രവർത്തിക്കുന്ന സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തെ കാർബൺ ന്യൂട്രൽ ഫാമായി പ്രഖ്യാപിക്കുകയും മറ്റ് 13 ഫാമുകളെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പ് വിപണന കേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. വിപണന കേന്ദ്രങ്ങൾ എന്നിവയിലൂടെ ജൈവ ഉല്പന്നങ്ങൾ കർഷകരിലും ജൈവ മൂല്യവർദ്ധിത ഉല്പന്നങ്ങൾ 'കേരളഗ്രോ' ബ്രാൻഡിൽ വിപണിയിലും

എത്തിച്ചുവരുന്നു. ജൈവ കൃഷിയോടൊപ്പം നാച്വറൽ കൃഷി രീതികൂടി പ്രോത്സാഹിപ്പിക്കുമെന്നും ചെറുകിട-നാമമാത്ര കർഷകർ/കൃഷിക്കൂട്ടങ്ങൾ/ ക്ലസ്റ്ററുകൾ എന്നിവർക്ക് നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (എൻ.പി.ഒ.പി.) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവാകുന്ന മുഴുവൻ തുകയും വൻകിട കർഷകർക്ക് ചെലവാകുന്ന തുകയുടെ 75 ശതമാനമോ പരമാവധി 50,000 രൂപവരെയോ സർക്കാർ വഹിക്കുമെന്നും 'കേരളഗ്രോ' ബ്രാൻഡഡ് ഷോപ്പുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്നും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ജനകീയ പദ്ധതികൾ നടപ്പാക്കുമെന്നും കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന ഉൽപ്പാദന/വരുമാന കുറവിന് നഷ്ടപരിഹാരം നൽകുമെന്നും കൂടുതൽ വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുമെന്നും 27 വിളകളെ വെതർ ബേസ്ഡ് ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19(*122) <u>കാർഷിക വിപണന കമ്പനി രൂപീകരണം</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. കർഷകർക്ക് മികച്ച വരുമാനവും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും ഉറപ്പാക്കുന്നതുൾപ്പെടെ വിവിധ പദ്ധതികളും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും നടത്താനാണ് ടി കമ്പനി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. കർഷകർ, കർഷകക്കൂട്ടങ്ങൾ, കർഷക കൂട്ടായ്മകൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻസ് എന്നിവരിൽനിന്ന് ന്യായവില ലഭ്യമാക്കി കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുമായി നിലവിലുള്ള കാർഷിക മൊത്ത വ്യാപാര വിപണികൾ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. ആനയറ, മരട്, വേങ്ങേരി എന്നീ കാർഷിക നഗര മൊത്ത വിപണികളിൽ എക്സിബിഷൻ സെന്ററുകൾ സ്ഥാപിച്ച് അതുവഴി അഗ്രി ബിസിനസിന് പുതിയ അവസരങ്ങൾ ഒരുക്കുന്നതുകൂടാതെ കാർഷിക സംരംഭകർക്കുള്ള ഡി.പി.ആർ. ക്ലിനിക്കായും കാബ്കോ പ്രവർത്തിക്കുന്നതാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുമായി തൃശ്ശൂർ, ചേർത്തല, കുത്താളി, വേങ്ങേരി, മുതലമട എന്നിവിടങ്ങളിൽ അഗ്രിപാർക്കുകളും അഗ്രിഫെസിലിറ്റേഷൻ സെന്ററുകളും

സ്ഥാപിക്കുന്നതാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പൊതു ബ്രാൻഡിംഗ് സംവിധാനം ഏർപ്പെടുത്തി ആഭ്യന്തര/ദേശീയ/അന്തർദേശീയ വിപണി കണ്ടെത്തുന്നതിന് സഹായിക്കുകയും കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. വാല്യു ആഡഡ് അഗ്രികൾച്ചറൽ മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുമെന്നും കാർഷിക മൊത്ത വ്യാപാര വിപണികൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ തൽസ്ഥിതി പരിശോധിച്ച് അവയെ പരമാവധി ഉപയോഗപ്രദമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും കാബ്കോയുടെ ബിസിനസ് പ്ലാനിന് അംഗീകാരം ലഭിച്ചതിനുശേഷം മറ്റ് പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുമെന്നും കാബ്കോയിൽ ഓഹരി എടുക്കുന്നതിന് നബാർഡ് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും സാധ്യത പരിശോധിച്ച് ആവശ്യകതയ്ക്കനുസരിച്ച് കോൾഡ് സ്റ്റോറേജ്/ഫുഡ് പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20(*123) <u>ഉന്നത വിദ്യാഭ്യാസ ഹബ്ബ്</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആക്കുന്നതിന് വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായ കരിക്കുലം ചട്ടക്കൂട് ബിരുദതലത്തിൽ ആവിഷ്കരിക്കാനും സർവ്വകലാശാലാ റെഗുലേഷനുകൾ പരിഷ്കരിക്കുന്നതിനും സർവ്വകലാശാലകളുടെയും/കോളേജുകളുടെയും റാങ്കിംഗ്/അക്രഡിറ്റേഷൻ നിലവാരം ഉയർത്തുന്നതിനും സെന്റർ ഓഫ് എക്സലൻസ് (CoE)-ഉം ട്രാൻസിലേഷണൽ റിസർച്ച് സെന്റർ (TRC)-ഉം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഗവേഷണ പ്രോത്സാഹനത്തിന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് (PDF) നൽകി വരുന്നുണ്ട്. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പദ്ധതി, ബ്രെയിൻ ഗെയിൻ പദ്ധതി, ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി വിദേശ സന്ദർശനം നടത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി തുടങ്ങിയവയും സർവകലാശാലകളിലേയ്ക്ക് വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള കോഴ്സുകളും അക്കാദമിക

പ്രവർത്തനങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്. സർവകലാശാലകളുടെ സ്റ്റാർട്ടപ്പ് വികസന കേന്ദ്രങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള അവസരം നൽകിയിട്ടുള്ളതിനുപുറമെ, വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ കാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിച്ച് ഇന്റേൺഷിപ്പിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമാണ്. ഉന്നത വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളുടെ വിദേശ രാജ്യങ്ങളിലേയ്ക്കുള്ള ഒഴുക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉന്നതവിദ്യാഭ്യാസ മേഖല സമഗ്രമായി പരിഷ്കരിക്കുകയും പുത്തൻതലമുറ കോഴ്സുകൾ ആരംഭിക്കുകയും നാലുവർഷ ബിരുദ കോഴ്സുകൾ പ്രോത്സാഹിപ്പിക്കുകയും എയ്ഡഡ്/അൺ-എയ്ഡഡ് മേഖലയിൽ നവീന കോഴ്സുകൾ ഉൾപ്പെടുത്തി പുതിയ കോളേജുകൾ ആരംഭിക്കുകയും ചെയ്തതിനുപുറമെ ഏൺ വൈൽ യു ലേൺ, കണക്ട് കരീയർ ടു കാമ്പസ്, ഇൻഡസ്ട്രി ഓൺ കാമ്പസ് എന്നീ പദ്ധതികളിലൂടെ പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയം വളർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലുൾപ്പെടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് ഏകജാലക സംവിധാനമേർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും കുട്ടികളുടെ സംരംഭകത്വ പ്രോത്സാഹനത്തിന് യംഗ്

ഇന്നവേറ്റേഴ്സ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടെന്നും നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന വിദ്യാർത്ഥിക്ക് 5 മുതൽ 25 ലക്ഷംരൂപ വരെ സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് അനുവദിക്കുന്ന കാര്യം പുനഃപരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.